# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 355 - 27/02/2018 -ലെ മറുപടിക്ക്

### സാമ്പത്തിക മാന്ദ്യം

**ചോദ്യം** | **ഉത്തരം**

**ശ്രീ. എസ്. ശർമ്മ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. റ്റി. വി. രാജേഷ്**
**ശ്രീ. പി. കെ. ശശി**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | രാജ്യം അഭിമുഖീകരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ പരിണിത ഫലമായി സംസ്ഥാനങ്ങൾക്കുണ്ടാകുന്ന ആഘാതം ലഘൂകരിക്കുന്നതിനായി തൊഴിൽ, കാർഷിക- വ്യാവസായിക ഉല്പാദനം, ജനങ്ങളുടെ ക്രയശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വികസന രൂപരേഖ അറിയിക്കാമോ; | രാജ്യം അഭിമുഖീകരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ പരിണിത ഫലമായി സംസ്ഥാനത്തും പല വിപരീത ഫലങ്ങൾ ഉടലെടുക്കുന്നുണ്ട്. ഇതിനെ അതിജീവിക്കുന്നതിന് സംസ്ഥാന സർക്കാർ 2018-19 വാർഷിക ബഡ്ജറ്റിൽ വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ കൃഷിയും അനുബന്ധമേഖലകൾക്കുമായുള്ള വിവിധ ഉപമേഖലകളിലെ സ്കീമുകൾക്കായി 1750.80 കോടി രൂപയും തൊഴിൽ മേഖലയ്ക്ക് 722.67 കോടി രൂപയും വ്യവസായ മേഖലയ്ക്ക് (ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായം എന്നിവ ഉൾപ്പെടെ ഉള്ളവ) 979.81 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഭവന നിർമ്മാണം, വിദ്യാഭ്യാസം, പൊതുവിതരണം, ആരോഗ്യം എന്നീ മേഖലകൾക്കും അർഹമായ വിഹിതം 2018-19 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ കൃഷി, വ്യവസായം, സ്കൂൾ വിദ്യാഭ്യാസം, സുരക്ഷിത ഭവനം, തൊഴിൽ ഉപജീവന സുരക്ഷ, |

| | | |
|---|---|---|
| | | നൈപുണ്യ വികസനം, ജനകീയ ആസൂത്രണ പ്രക്രിയ, തദ്ദേശ സ്ഥാപനങ്ങളിലൂടെ വിപുലമാക്കൽ, സാമൂഹ്യ സുരക്ഷിതത്വം വ്യാപിപ്പിക്കുക എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. |
| ബി | നോട്ടു നിരോധനവും ജി.എസ്.ടിയും സൃഷ്ടിച്ച സാമ്പത്തിക അരാജകത്വം സംസ്ഥാനത്തു ധനപ്രതിസന്ധിയായി മാറാതിരിക്കാൻ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | നോട്ടു നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും ജി.എസ്.റ്റി. നടപ്പിലാക്കിയതുമൂലമുണ്ടായ റവന്യൂ ശോഷണവും കാരണം സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ കുറവുണ്ടാവുകയും ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയ്ക്ക് ആവശ്യമായ പണം കണ്ടെത്താൻ കഴിയാത്ത അവസ്ഥ സംജാതമാവുകയും ചെയ്തു. കൂടാതെ വരവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് പരിഹരിക്കുന്നതിനായി വർഷാവസാനം വകുപ്പുകൾക്കുള്ള പദ്ധതി പണം ചെലവായി കണക്കിലെഴുതിയശേഷം ട്രഷറി സേവിംഗ്സ് ബാങ്കുകളിൽ സൂക്ഷിക്കുന്ന നടപടി പബ്ലിക് അക്കൗണ്ടിൽ പണം കുന്നുകൂടുന്നതിന് ഇടയാക്കുകയും ഇത് പബ്ലിക് അക്കൗണ്ടിൽ നിന്നുള്ള വായ്പയായി കണക്കാക്കി അനുവദനീയമായ കമ്പോള വായ്പയിൽ കുറവുവരുത്തുമെന്ന കേന്ദ്രസർക്കാരിന്റെ നിലപാടും തിരിച്ചടിയായി. ഇത് കടമെടുപ്പിനെ പ്രതികൂലമായി ബാധിക്കുകയും ദൈനംദിന ചെലവുകൾക്ക് പണം തികയാതെ വരികയും ട്രഷറി നിയന്ത്രണം ഏർപ്പെടുത്താൻ നിർബന്ധിതമാവുകയും ചെയ്തു. ഇത് ധന പ്രതിസന്ധിയായി മാറാതിരിക്കാൻ ട്രഷറി അക്കൗണ്ടിൽ പണം കുന്നുകൂടുന്നത് കർശനമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ |

| | | |
|---|---|---|
| | | ഭാഗമായി വിവിധ വകുപ്പുകളുടെ ട്രഷറി അക്കൗണ്ടിൽ നിന്നും 3338 കോടി രൂപ നീക്കം ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ വായ്പയെടുക്കാനുള്ള അവകാശം പുനഃസ്ഥാപിച്ചു നൽകിയിട്ടുണ്ടെങ്കിലും വരുമാനവും ചെലവും തമ്മിലുള്ള അന്തരം നിലനിൽക്കുകയാണ്. ഇതു പരിഹരിക്കാൻ കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും 2018-19 -ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറച്ചുകൊണ്ടുവരാനും ധനകമ്മി അനുവദനീയമായ 3 ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്താനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| സി | ഇത്തരം സാഹചര്യത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെയും വാർഷിക പദ്ധതിയുടെയും ആസൂത്രണത്തിനും കാര്യക്ഷമമായ നിർവ്വഹണത്തിനും നടപ്പാക്കിയ കാര്യങ്ങൾ അറിയിക്കാമോ? | 2017-18, 2018-19 വാർഷിക പദ്ധതിയിൽ ജനങ്ങൾ നിരന്തരം ഇടപെടുന്ന മേഖലകളായ കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമീണ വികസനം, പഞ്ചായത്ത്, പരമ്പരാഗത വ്യവസായം, പൊതുവിതരണ സമ്പ്രദായം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നീ മേഖലകൾ മെച്ചപ്പെടുത്താനും, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18, 2018-19 വാർഷിക പദ്ധതികളിൽ പൊതുവായ വികസനത്തിന് അർഹമായ വിഹിതം നീക്കി വച്ചിട്ടുണ്ട്.<br><br>കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് വിവിധ മേഖലകളിലായി 43 കർമ്മ സമിതികൾക്ക് രൂപം കൊടുക്കുകയും അതിന്റെ ശുപാർശകൾ വാർഷിക പദ്ധതികളിലൂടെയും |

| | | |
|---|---|---|
| | | മറ്റും നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. 'ജനങ്ങളിൽ നിക്ഷേപിക്കുന്ന കേരളം' എന്ന സങ്കൽപത്തിൽ ഊന്നി, കേരളത്തിന്റെ ദേശീയ, അന്തർ ദേശീയ പ്രശസ്തിയുടെ അടിസ്ഥാനം മാനുഷിക വികസനമാണ് എന്ന സങ്കൽപത്തിലൂടെ എല്ലാ മേഖലകളിലും സുസ്ഥിരമായ നേട്ടം കൈവരിക്കാനുതകുന്ന നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ